**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1102** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ദേശീയപാത 66-ന്റെ നിർമ്മാണ പ്രവൃത്തി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പ്രഭാകരൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കാസർഗോഡ് തലപ്പാടി മുതൽ തിരുവനന്തപുരം കാരോട് വരെയുള്ള ദേശീയപാത 66-ന്റെ പല റീച്ചുകളിലും നിർമ്മാണ പ്രവൃത്തി പൂർണ്ണമായും നിർത്തിവച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും, ദേശീയപാതാ നിർമാണ പ്രവൃത്തികൾക്കാവശ്യമായ മതിയായ അളവിൽ Borrow Earth, ഡ്രെഡ്ജിംഗ് വസ്തുക്കൾ, അഗ്രിഗേറ്റുകൾ എന്നിവ ലഭ്യമല്ലാത്തത് നിലവിൽ പ്രവൃത്തികളുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്.

**(ബി)** നിർമ്മാണം സമയബന്ധിതമായി പൂർത്തിയാകാത്തതിന് ദേശീയപാത അതോറിറ്റി അധികൃതർ നൽകുന്ന വിശദീകരണം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ജനപ്രതിനിധികളുടെ ആവശ്യപ്രകാരം വേണ്ടിവന്ന അധിക നിർമ്മാണ പ്രവർത്തനങ്ങൾ, നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ്, കരാറുകാർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധികൾ തുടങ്ങിയ കാരണങ്ങളാൽ ചില പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടിട്ടുണ്ട്. പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനായി, ഈ പ്രശ്നങ്ങൾ പരിഹരിച്ചുവരികയാണ് എന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്.

**(സി)** ദേശീയപാത നിർമ്മാണത്തിനിടെ സംഭവിച്ച അപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് സർക്കാർ ലഭ്യമാക്കിയ സഹായങ്ങൾ വ്യക്തമാക്കാമോ ?

**<u>മറുപടി:</u>** ഇത്തരം സന്ദർഭങ്ങളിൽ ദേശീയപാത അതോറിറ്റിയാണ് നടപടി സ്വീകരിക്കുന്നത്. ദേശീയപാത നിർമ്മാണത്തിനിടെയുണ്ടായ അപകടങ്ങളിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള സാമ്പത്തിക സഹായം, ബാധകമായ നഷ്ടപരിഹാര വ്യവസ്ഥകൾ, ഇൻഷുറൻസ് പരിരക്ഷ, പ്രസക്തമായ ക്ഷേമപദ്ധതികൾ പ്രകാരമുള്ള സഹായങ്ങൾക്കുള്ള അർഹത എന്നിവയ്ക്ക് വിധേയമായിരിക്കുമെന്ന് ദേശീയപാത അതോറിറ്റി വ്യക്തമാക്കിയിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ എരമല്ലൂർ ജംഗ്ഷനു സമീപം ദേശീയപാത 66 (അരൂർ - തുറവൂർ റീച്ച്) എലവേറ്റഡ് ഹൈവേ നിർമ്മാണവേളയിൽ 13.11.2025 ന് ഗർഡർ തകർന്നുവീണ് മരണപ്പെട്ട രാജേഷ് സി.ആർ-ന്റെ അവകാശികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ(CMDRF) നിന്നും ആശ്വാസധനമായി ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**